# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 21/05/ 2020

# ക്വാറന്റൈൻ ലംഘനത്തിനെതിരെ കടുത്ത ജാഗ്രതയുമായി സിറ്റി പോലീസ്

കൊല്ലം : കൊവിഡ്-19 വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ കഴിയുന്നവർ പുറത്ത് പോകുന്നില്ല എന്നും സാമൂഹ്യ അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പ് വരുത്തുന്നതിലേക്ക് നിരീക്ഷണത്തിന് ശക്തമായ പോലീസ് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.ക്വാറന്റൈൻ ലംഘനം നടത്തുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിരീക്ഷണത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ എത്തിക്കുന്നു. പൊതുസ്ഥലങ്ങളിൽ മാസ്ക് നിർബന്ധമാക്കിയതിനെത്തുടർന്ന് മാസ്ക് ധരിക്കാത്തവരെ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ പരിശോധന തുടരുന്നു.മാസ്ക് ധരിക്കാതെ പുറത്തിറങ്ങുന്നവർക്ക് ബോധവൽക്കരണം നടത്തുന്നതിനും സൗജന്യമായി മാസ്ക് നൽകുവാനും പോലീസ് നടപ്പാക്കിയ "ബാസ്ക് ഇൻ ദി മാസ്ക് " ക്യാമ്പയിനും തുടർന്ന് വരുന്നു.കൊല്ലം സിറ്റി പോലീസ് പരിധിയിൽ പോലീസ് പരിശോധനയിൽ പൊതുസ്ഥലത്ത് മാസ്ക് ധരിക്കാത്തതുമായി ബന്ധപ്പെട്ട് 91 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു .ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് 19 കേസുകൾ രജിസ്റ്റർ ചെയ്ത് 19 പേരെ അറസ്റ്റ് ചെയ്തു. 9 വാഹനങ്ങൾ പിടിച്ചെടുത്തു. സർക്കാർ നിർദേശിച്ച ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും കഴിയുന്നവർ ക്വാറന്റൈൻ നിഷ്കർഷകൾ പാലിക്കേണ്ടതാണെന്നും പൊതുസ്ഥലങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും പൊതുജനങ്ങൾ കർശനമായും മാസ്ക് ധരിക്കേണ്ടതാണെന്നും നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശനനടപടികൾ സ്വീകരിക്കുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു